# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 4/1432/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വളയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 4/1432/2023 തീയ്യതി: 20/10/2023

## കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 07-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-09-2023 | 15-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-09-2023 | 15-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ.സതീഷ്കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീ.അനൂപ് കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷിബിൻ കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.പി. പ്രദീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. വിനോദ് കൃഷ്ണൻ.കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദൻ. കെ.കെ | അസി. സെക്രട്ടറി | 01-04-2022 | 01-11-2022 |
| ശ്രീ. രാജീവൻ പുനത്തിൽ | അസി. സെക്രട്ടറി | 02-11-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. വിധു വൽസൻ | കൃഷി ഓഫീസർ | 01-04-2022 | 08-06-2022 |
| ശ്രീമതി. ഷജീറ ബീഗം | കൃഷി ഓഫീസർ | 09-06-2022 | 05-08-2022 |
| ശ്രീമതി. അശ്വതി വിജയൻ | കൃഷി ഓഫീസർ | 06-08-2022 | 31-03-2023 |
| ഡോ. ടിൻസി മേരി ജോൺ | വെറ്ററിനറി സർജൻ | 01-04-2022 | 24-09-2022 |
| ഡോ. രജിത്ത്.ടി | വെറ്ററിനറി സർജൻ | 25-09-2022 | 28-09-2022 |
| ഡോ. ആംബ്ലിൻ മരിയ വി ആന്റണി | വെറ്ററിനറി സർജൻ | 29-09-2022 | 15-02-2023 |
| ഡോ. വസീബ് മിർസബ്.പി.ടി | വെറ്ററിനറി സർജൻ | 16-02-2023 | 20-02-2023 |
| ഡോ. ദിൽവേദ്.ആർ.എസ് | വെറ്ററിനറി സർജൻ | 21-02-2023 | 31-03-2023 |
| ഡോ. നർദ്ദ.ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. മോഹൻദാസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് നവാസ്.പി | ഡയറി എക്സ്റ്റൻഷൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി. അനിത.പി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സിന്ധു.വി.എസ് | അസി. എഞ്ചിനിയർ | 01-04-2022 | 12-09-2022 |
| ശ്രീമതി. സനിഷ.പി | അസി. എഞ്ചിനിയർ | 13-09-2022 | 17-10-2022 |
| ശ്രീമതി. ജോളി.കെ.വി | അസി. എഞ്ചിനിയർ | 18-10-2022 | 31-03-2023 |
| ഡോ. ശശീന്ദ്രൻ.പി.കെ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 05-02-2023 |
| ഡോ. റോഷിൻ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 06-02-2023 | 31-03-2023 |
| ശ്രീ.ഷൈലേഷ് കുമാർ.എം | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി രേഷ്മ കെ.പി | വി.ഇ.ഒ | 01-05-2022 | 16-08-2022 |
| ശ്രീമതി നിത്യ.ബി | വി.ഇ.ഒ | 17-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-1-3 |
| 5 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ വ്യത്യാസം | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ടാക്സ് അവലോകനം | 1-9 |
| 19 | പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണങ്ങൾ വർദ്ധിക്കുന്നു. | 1-10 |
| 20 | അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല | 1-11 |
| 21 | ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സംബന്ധിച്ച് | 1-12 |
| 22 | പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-13 |
| 23 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല | 1-14 |
| 24 | പദ്ധതി തുക വകമാറ്റി ചെലവഴിച്ചു | 1-15 |
| 25 | എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) | 1-16 |

| | | |
|---|---|---|
| | ഈടാക്കാത്തത് സംബന്ധിച്ച് | |
| 26 | ടേക്ക് എ.ബ്രേക്ക് പദ്ധതിനടത്തിപ്പിലെ അപാകതകൾ | 1-17 |
| 27 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് യിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 28 | കെ.എസ്.ഇ.ബി.യുടെ അനുവാദമില്ലാതെ അടുത്ത കെട്ടിടത്തിലേയ്ക്ക് കണക്ഷൻ - പിഴ ഒടുക്കാൻ ആവശ്യപ്പെട്ടത് സംബന്ധിച്ച് | 1-19 |
| 29 | മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ ലഭ്യമായില്ല | 1-20 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26/06/2023 ലെ 120/2023 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വളയം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വളയം ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (2644977) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും (4354053) പൊരുത്തപ്പെടുന്നില്ല.

1-1-3 Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിലെ Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Bank Account | Type | Voucher Date | Instrument Date | Amount |
|---|---|---|---|---|
| SBI E-Payment (67391520390) | Directly Debited By Bank | 30.11.2022 | 30.11.2022 | 4,352 |

1-1-4 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

തനത്ഫണ്ട് അക്കൗണ്ടുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Bank Account | Date | Instrument No | Amount |
|---|---|---|---|
| Valayam Service Co-op Bank Own Fund (102010000697) | 29.09.2022 | 61813 | 800 |
| | 09.11.2022 | 58533 | 5720 |
| | 12.01.2023 | 57590 | 9221 |
| Kerala Gramin Bank Own Fund (40125101017645) | 24.02.2023 | 39140 | 50000 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല.

1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തുനികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല .

1-1-6 വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററുകളിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

I) 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Profession Tax(Traders) ഇനത്തിലെ കളക്ഷൻ 4,20,400 രൂപയാണ്. എന്നാൽ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം Profession Tax(Traders) ഇനത്തിലെ കളക്ഷൻ 4,40,850 രൂപയാണ്.

Ii) 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം FTE&OS ഇനത്തിലെ തൻവർഷത്തെ കളക്ഷൻ 85,800 രൂപയാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷത്തെ കളക്ഷൻ 99,920 രൂപയാണ്.

1-1-7 ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ വ്യത്യാസം

ഡെപ്പോസിറ്റ് ഇനത്തിൽ 2021-22 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2022-23 വർഷം ലഭിച്ച തുക RP-33 വരവ് ഭാഗം) - (2022-23 വർഷത്തെ ചെലവ് RP-33 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 7,28,455 രൂപയും 2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 5,26,199 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

വളയം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ 78/22 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---:|
| മുൻബാക്കി | 20,63,080 |
| വരവ് | 30,28,16,400 |
| ആകെ | 30,48,79,480 |
| ചെലവ് | 30,30,59,580 |
| നീക്കിയിരിപ്പ് | 18,19,900 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---:|
| മുന്നിരിപ്പ് | 77,64,121 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,76,64,168 |
| ആകെ | 3,54,28,289 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,50,19,191 |
| നീക്കിയിരിപ്പ് | 1,04,09,098 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,16,69,467 | 1,16,69,467 | 1,15,50,873 | 1,18,594 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3,54,905 | 3,54,905 | 3,54,905 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3,30,452 | 3,30,452 | 3,30,452 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,00,75,300 | 1,00,75,300 | 68,43,420 | 32,31,880 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 45,70,000 | 45,70,000 | 33,00,040 | 12,69,960 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 32,729 | 32,729 | - | 32,729 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMSമുഖേന) | 6,76,748 | 26,64,897 (പലിശ ഉൾപ്പടെ) | 33,41,645 | 25,39,603 | 8,02,042 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 29,53,301 | 29,53,301 | 11,11,013 | 18,42,288 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 16,68,730 | 37,33,000 | 54,01,730 | 19,69,519 | 34,32,211 |
| എം.പി.ഫണ്ട് | 8,929 | 244 | 9,173 | - | 9,173 |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ വളയം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 6,75,76,683 | 1,68,24,533 |
| വികസനഫണ്ട് (എസ്.സി.പി) | 20,44,146 | 8,57,095 |
| വികസനഫണ്ട് (ടി.എസ്.പി) | 19,10,548 | 5,81,548 |

| | | |
|---|---|---|
| മെയിന്റൻസ് ഫണ്ട്(റോഡ്) | 90,91,258 | 78,91,258 |
| മെയിന്റൻസ് ഫണ്ട്(നോൺറോഡ്) | 63,10,774 | 53,02,294 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി), മെയിന്റൻസ് ഫണ്ട് (റോഡ്), മെയിന്റൻസ് ഫണ്ട് (നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 81824448 | 147 | 35702861 | -- | 34 | 81.21% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 12 | 12 | 2208028 | 2057128 | 93.16% |
| വെറ്ററിനറി സർജൻ | 7 | 5 | 1602985 | 672425 | 41.94% |
| മെഡിക്കൽ ഓഫീസർ) (പി.എച്ച്.സി) | 8 | 8 | 1456840 | 827986 | 56.83% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 330703 | 329808 | 99.79% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 51 | 34 | 22452002 | 11058106 | 49.25% |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 15 | 36051863 | 8248977 | 22.88% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 16 | 5856947 | 4434601 | 75.71% |
| സെക്രട്ടറി | 52 | 42 | 9892770 | 6762389 | 68.35% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2 | 500000 | 198743 | 39.74% |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 797910 | 558498 | 69.99% |
| ഹെഡ്മാസ്റ്റർ | 4 | 4 | 554400 | 554200 | 99.96% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 120000 | 0 | 0% |
| | 181 | 147 | 81824448 | 35702861 | 54.35% |

ഡി.പി.സി. അംഗീകാരം ലഭിച്ച 181 പ്രൊജക്ടുകളിൽ 147 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 81824448/- രൂപ വകയിരുത്തിയതിൽ 35702861/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10,088 | 14,74,361 | 14,84,449 | 14,54,661 | 29,788 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 71,88,200 | 626 |
| വിധവാപെൻഷൻ | 98,82,800 | 894 |
| വാർദ്ധക്യകാലപെൻഷൻ | 1,33,18,200 | 349 |
| വികലാംഗപെൻഷൻ | 31,34,600 | 285 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,69,600 | 33 |
| വിവാഹ ധനസഹായം | 30,000 | 3 |
| മിശ്രവിവാഹ ധനസഹായം | 50,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,925/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ടാക്സ് അവലോകനം

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതുപ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തുനികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം,

മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വളയം ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം വളയം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 5936 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1574 കെട്ടിടങ്ങളും, 6 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 119 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

01.04.23 ന് ശേഷം ഓഡിറ്റ് തീയതി വരെ 112 നിയമാനുസൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ 39 എണ്ണത്തിന് വസ്തുനികുതി ചുമത്താൻ ശേഷിക്കുന്നുണ്ട്.

നികുതി പിരിവ്

വളയം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 35,00,000/- രൂപയും ഈയിനത്തിലെ യഥാർത്ഥ വരവ് 28,66,911/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് നൂറ് ശതമാനത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടില്ല എന്ന് പരിശോധനയിൽ നിന്നും വ്യക്തമാണ്.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് നോട്ടീസ് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളിൽ പറഞ്ഞിട്ടുള്ളത്.

ഫീൽഡ്തല പരിശോധനകൾ

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ(സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് വസ്തുനികുതി പരിഷ്കരണം ഡാറ്റാ കളക്ഷൻ പദ്ധതി (പ്രോജക്ട് നം. 215/23) പ്രകാരം പഞ്ചായത്തിലെ 14 വാർഡുകളിലെ വീടുകളിൽ പരിശോധന നടത്തി വീടിന്റെ കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട

കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(2) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിലോ, ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ വന്ന മാറ്റങ്ങളെ സംബന്ധിച്ച് നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തി 672 കെട്ടിടങ്ങളുടെ നികുതി റിവൈസ് ചെയ്ത് സഞ്ചയ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതിയുടെ 20.05.2023 ലെ 6/98/2023 നമ്പർ തീരുമാന പ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 26.06.2023 തിയ്യതിയിലെ 128/23 നമ്പർ തീരുമാന പ്രകാരം നിരക്കുകൾ അന്തിമമാക്കി 03.07.2023 തിയ്യതിയിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നോട്ടീസും അന്തിമ വിജ്ഞാപനങ്ങളും 2023 ജൂൺ 30 നകം പുറപ്പെടുവിക്കേണ്ടതാണെന്ന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെടാത്തതിനാൽ തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ളപക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ വളയം ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഒരിടത്തും വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വസ്തുനികുതി പരിഷ്കരണം ഡാറ്റാ കളക്ഷൻ പദ്ധതി (പ്രോജക്റ്റ് നം. 215/23) പ്രകാരം ശേഷിക്കുന്ന പാർപ്പിടേതര കെട്ടിടങ്ങളിൽ അടിയന്തരമായി വിവര ശേഖരണം നടത്തുകയും ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്.
2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

6.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളെ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

7.വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-10 പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണങ്ങൾ വർദ്ധിക്കുന്നു.

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം 2022-23 വർഷത്തിൽ പെർമിറ്റിനായി ലഭിച്ച അപേക്ഷകൾ 104 എണ്ണവും, റെഗുലറൈസേഷൻ രജിസ്റ്റർ പ്രകാരം ഇതേ വർഷത്തിൽ ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ 139 എണ്ണവുമാണ്. തൻവർഷം ആകെ ലഭിച്ച 243 അപേക്ഷകളിൽ 57 ശതമാനത്തിലധികം അപേക്ഷകളും ക്രമവൽക്കരണത്തിനുള്ളവയാണ്. പെർമിറ്റ് ഫീ ഇനത്തിൽ 88701/- രൂപയാണ് തൻവർഷത്തിൽ ലഭിച്ചതെങ്കിൽ ക്രമവൽക്കരണ ഫീ ഇനത്തിൽ 296374/- രൂപ 2022-23 ൽ ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ, ഓഡിറ്റ് വർഷത്തിൽ മാത്രം വലിയ തോതിൽ അനധികൃത നിർമ്മാണം നടന്നിരിക്കുന്നതായി മേൽ ചേർത്ത അപേക്ഷകളുടെ എണ്ണത്തിൽ നിന്നും, വരവ് തുകകളുടേയും വ്യത്യാസത്തിൽ നിന്നും മനസിലാക്കാവുന്നതാണ്. കെട്ടിട നിർമ്മാണം, അനുമതി വാങ്ങാതെ നിർവ്വഹിച്ച് , പണി പൂർത്തിയായ ശേഷം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുന്നതിനപ്പുറം, പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പെർമിറ്റില്ലാതെ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും, ആയത് ക്രമവത്കരിക്കാതിരിക്കുകയും, പഴയ കെട്ടിട നമ്പർ പ്രകാരമുള്ള നികുതി അടയ്ക്കുകയും ചെയ്യുന്ന പ്രവണത പഞ്ചായത്തിൽ കാണുന്നു.

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുൻനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ(സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണത്തിനായും അസസ്മെന്റ് രജിസ്റ്റർ കാലികമാക്കുന്നതിനായും പദ്ധതി (നം. 215/23 വസ്തുനികുതി പരിഷ്കരണം ഡാറ്റാ കളക്ഷൻ) തയ്യാറാക്കി നടപ്പിലാക്കിയിട്ടുമുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിലോ , ഉപയോഗ ക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ വന്ന മാറ്റങ്ങൾക്കനുസൃതമായി നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തി നികുതി റിവൈസ് ചെയ്ത് സഞ്ചയ സോഫ്റ്റ്വെയറിൽ ചേർത്ത കെട്ടിടങ്ങളുടെ ആകെ എണ്ണം 672 ആണ്. ഇവയ്ക്ക് പുറമെയാണ് മേൽ കാണിച്ച വിധം 139 ക്രമവത്കരണ അപേക്ഷകൾ തൻവർഷത്തിൽ മാത്രം ലഭിച്ചിട്ടുള്ളത്. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയത് നിർമ്മിച്ചതായി ഫീൽഡ് പരിശോധനയിൽ കണ്ടെത്തിയതും, പെർമിറ്റ് ഇല്ലാതെ നിർമ്മിച്ചവയുമായ കെട്ടിടങ്ങളിൽ നിലവിലും പ്ലാൻ സമർപ്പിക്കാത്ത 151 എണ്ണം ഉള്ളതായി കാണുന്നു. പെർമിറ്റ് ഇല്ലാതെ നിർമ്മാണം നടത്തുകയും നിലവിലും പ്ലാൻ സമർപ്പിക്കാത്തതുമായ ഇത്തരം കെട്ടിടങ്ങൾക്കെതിരെ

ഓഡിറ്റ് തീയതി വരെ ഏതെങ്കിലും തരത്തിലുള്ള നിയമ നടപടികൾ സ്വീകരിക്കുകയോ അനധികൃത കെട്ടിട നിർമ്മാണമായി കണക്കാക്കി യു.എ നമ്പർ നൽകി മൂന്നിരട്ടി നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ 215/23 പ്രകാരം കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കും, നിലവിൽ ലഭിച്ച ക്രമവത്കരണ അപേക്ഷകൾക്കും പുറമെ വരുംവർഷങ്ങളിൽ ഇത്തരം നിർമ്മാണങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വിശദമായി ജോലി വിഭജനം നടത്തി ഫീൽഡ് പരിശോധനാ ഉത്തരവാദിത്തങ്ങൾ വാർഡ് ക്ലാർക്കുമാർക്ക്/ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വിഭജിച്ചു നൽകിയതിന്റെ രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റ് എടുക്കാതെ ഇത്രയധികം നിർമ്മാണങ്ങൾ നടത്തപ്പെടാനുണ്ടായ കാരണവും, പെർമിറ്റ് എടുക്കാതെ നിർമ്മാണങ്ങൾ നടന്നിട്ടും പ്രോജക്ട് പ്രകാരം പരിശോധന നടത്തി കണ്ടെത്തിയതല്ലാതെ, വാർഡ് ക്ലാർക്കുമാർ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം നിർമ്മാണങ്ങളെപ്പറ്റി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.11) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-11 അനർഹരായവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു. വളയം ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരമനുസരിച്ച് വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ബാങ്ക് അക്കൗണ്ട് വഴിയും നേരിട്ട് വീട്ടിലേക്കും നൽകുന്നതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | ബാങ്ക് മുഖേന | നേരിട്ട് വീടുകളിലേക്ക് |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8 | 541 |
| വാർദ്ധക്യകാല പെൻഷൻ | 501 | 870 |
| വികലാംഗ പെൻഷൻ | 101 | 185 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7 | 28 |
| വിധവാ പെൻഷൻ | 272 | 619 |
| ആകെ | 889 | 2243 |

889 പേർക്ക് ബാങ്ക് അക്കൗണ്ട് വഴിയും, 2243 പേർക്ക് വീടുകളിലെത്തി നേരിട്ടുമാണ് പെൻഷൻ വിതരണം ചെയ്യുന്നത് . 2022-23 വർഷത്തിൽ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതിനുവേണ്ടി ഒരു അപേക്ഷ പോലും പഞ്ചായത്തിൽ ലഭിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോകുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 31.08.2023 ന് പെൻഷൻ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | പെൻഷൻ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7 |
| വാർദ്ധക്യകാല പെൻഷൻ | 31 |
| വികലാംഗ പെൻഷൻ | 17 |
| വിധവാ പെൻഷൻ | 23 |
| ആകെ | 78 |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാവർക്കർമാരെയും ഉപയോഗപ്പെടുത്തി ശേഖരിക്കേണ്ടതും മരണപ്പെട്ടവർക്കും അനർഹർക്കും പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാവർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ/അനർഹരുടേയും വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ

നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അനർഹരായവർക്ക് പെൻഷൻ നൽകി ക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സംബന്ധിച്ച്

വളയം ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫീ 2022 ഡിസംബർ മാസം വരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. 2022 ഡിസംബറിലാണ് ഇ-ടെണ്ടർ ഫീ ഈടാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ബാങ്ക് അക്കൗണ്ട് തുടങ്ങിയത്. അതുവരെയുള്ള ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (02/22-23) ലഭ്യമാക്കിയ മറുപടി പ്രകാരം 2021 ഡിസംബർ 1 മുതൽ 2022 നവംബർ 30 വരെ ആകെ 15560/- രൂപയാണ് ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ചതായി കാണുന്നുള്ളു എന്നാണ് അറിയിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2021 വരെയുള്ള കാലയളവുകളിൽ വളയം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാതിരുന്ന കാലയളവിൽ വാണിമേൽ, ചെക്യാട്, പുറമേരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനിയർമാർക്ക് ആണ് നിർവ്വഹണ ചുമതലയുണ്ടായിരുന്നത് എന്നും ഈ കാലയളവിൽ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളെല്ലാം അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ലോഗിനിൽ ചെയ്തതിനാൽ ആ അസിസ്റ്റന്റ് എഞ്ചിനീയർ ലോഗിനിൽ പരിശോധിച്ചാലേ ടെണ്ടർ ഫീ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇ ടെണ്ടർ ഫീ സംബന്ധിച്ച് മറ്റ് രേഖകളൊന്നും ലഭ്യമല്ല.

ഇതിനാൽ നാളിതുവരെ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതൊക്കെ എന്ന് കണ്ടെത്തി ഇതിന് ഈടാക്കിയ ടെണ്ടർ ഫീ എത്ര എന്ന് പരിശോധിച്ച് ടെണ്ടർ ഫീ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പഞ്ചായത്തിൽ ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 പൊതുമരാമത്ത് കരാറുകൾ ഒപ്പിടുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. കരാർ വെച്ചിട്ടില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ - സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി തുകയുടെ 1%, കുറഞ്ഞത് 1000 രൂ, പരമാവധി 25000 രൂ) ഈടാക്കേണ്ടതുണ്ട്. പിഴയോട് കൂടിയ 10 ദിവസത്തിന ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കണമെന്നും മാന്വൽ അനുശാസിക്കുന്നു. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. താഴെ പറയുന്ന പ്രോജക്ടിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| പ്രോജക്ട് നമ്പർ , പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയ്യതി | കൈപ്പറ്റ് തിയ്യതി | കരാർ ഒപ്പിട്ട തിയ്യതി | പി.എ.സി തുക (രൂ) | കരാറുകാരൻ | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| പ്രോ.നം-32/2223 ചുഴലി ഗവ.എൽ.പി സ്കൂൾ ഗേറ്റ് | 08-09-2020 | ഇല്ല | 16-10-20 | 350024 | ഷൈജു.പി.പി | 3500 |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മാണം | | | | | | |
| പ്രോജ.നം 22/21-22<br>ചുഴലി സ്കൂൾ കുരിക്കിലായി റോഡ് റീടാറിംഗ് | 10-12-2021 | ഇല്ല | 19-01-22 | 244125 | ടോം ജോസ് | 2441 |
| പ്രോ.നം 151/22<br>കല്ലു നിറ സജ് സെന്റർ പൂർത്തീകരണം | 05-01-2022 | 12-01-22 | 07-02-22 | 357557 | സുനിൽ.കെ | 3576 |
| പ്രോ.നം 158/22<br>ചുഴലി വട്ടച്ചോല പൊതുകിണർ പരിഷ്കരണം | 10-12-2021 | 17-12-21 | 09-02-22 | 299740 | ഷൈജു.പി.പി | 2997 |
| പ്രോ.നം 186/22<br>കല്ലുനിര കടവം തണ്ണിക്കൽ റോഡ് | 10-12-2021 | ഇല്ല | 28-01-22 | 267204 | ബാലൻ.എം.ടി | 2672 |

കരാർ ഒപ്പിടുന്നവയിൽ കാലതാമസം വന്നിട്ടും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14/2022-23 ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 15,186/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചുവടെ കൊടുത്ത പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കാലാവധി നീട്ടി നൽകാൻ കരാറുകാരൻ ആവശ്യപ്പെടുകയോ കാലാവധി നീട്ടി നൽകുകയോ ബിൽ തുക അനുവദിക്കുന്നതിന് മുൻപ് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കുകയോ മറ്റു നിയമാനുശ്രുത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| ക്രമ നം | പ്രോജക്ട് നം | കരാർ തീയതി | ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് | സൈറ്റ് കൈമാറിയ തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | Agreed PAC | ഈടാക്കേണ്ട പിഴ (3%) | കരാറുകാരൻ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം 69/20-21 ചുഴലി ഗവ. എൽ.പി സ്കൂൾ ഗേറ്റ് നിർമ്മാണം | 16.10.2020 | 6 Month | 16.10.2020 | 25.03.2022 | 350024/- | 10,501/- | ഷൈജു. പി.പി |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഇവിടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ കാലാവധി നീട്ടിനൽകാൻ അപേക്ഷിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. പി.ഡബ്ല്യു.ഡി റിവൈസ്ഡ് മാന്വൽ സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിലും അധികമായിട്ടും പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ തുക ഈടാക്കി അറിയിക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-15 പദ്ധതി തുക വകമാറ്റി ചെലവഴിച്ചു

പ്രോജക്ട് നം- 203/22-23

പദ്ധതിയുടെ പേര് - എ.ഇ ഓഫീസിലേക്ക് കണ്ടിജന്റ് ചെലവ്

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക – 25000/- (തനത് ഫണ്ട്)

ചെലവ് തുക - 23764/-

ബിൽ തീയതി - 1) 12-12-2022 (Bill Amount- 9221/-)

2) 13-01-2023 ( Bill Amount- 11346/-)

3) 13-0302023 (Bill Amount- 2000/-)

4) 20-03-2023 (Bill Amount- 1197/-)

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കണ്ടിൻജന്റ് ചെലവ് എന്ന് ഈ പ്രോജക്ട് വഴി ഉദ്ദേശിച്ചിരിക്കുന്നത് അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലേക്ക് സ്റ്റേഷനറി ഐറ്റംസ് വാങ്ങുക എന്നതാണ്. എന്നാൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിന്റെ വാടക നൽകുകയാണ് ചെയ്തിരിക്കുന്നത്. സ്റ്റേഷനറി

ഐറ്റംസ് ഒന്നും തന്നെ ഈ പദ്ധതി തുക ഉപയോഗിച്ച് വാങ്ങിയിട്ടില്ല. പദ്ധതി ആസൂത്രണം ചെയ്തത് പ്രകാരമല്ലാതെയാണ് പദ്ധതി തുക ചെലവ് ചെയ്തിരിക്കുന്നത്. കിലോമീറ്ററിന് 17/-രൂപ നിരക്കിൽ KL-13 AD-6883 നമ്പർ വാഹനം 17-09-2022 മുതൽ 30-12-2022 വരെ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതിനാണ് 23764/- രൂപ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഈ ചെലവിന് ശേഷം പ്രോജക്ട് നം 204/22-23 ആയി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ എന്ന പദ്ധതി 108000/- രൂപ വകയിരുത്തി ആസൂത്രണം ചെയ്യുകയും ഈ പദ്ധതിയിലൂടെ വാഹനം വാടകയ്ക്ക് എടുക്കുകയും വാടക നൽകുകയും ചെയ്തിട്ടുണ്ട്.

വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ആവശ്യകത തിരിച്ചറിഞ്ഞ് പദ്ധതി പ്രൊപ്പോസൽ സമർപ്പിക്കാത്തതും പദ്ധതി ആസൂത്രണത്തെ ബാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് – കുടിവെള്ള വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തിലെയും മോണിറ്ററിംഗിലെയും അപാകതയാണ് ഇത് കാണിക്കുന്നത്. വാർഷിക പദ്ധതി ആസൂത്രണത്തിലെ ഈ അപാകതയ്ക്കും പദ്ധതി തുക വകമാറ്റി ചെലവഴിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 23764/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-16 എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എ വാർഷിക പദ്ധതികൾ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ ചമച്ചിട്ടുള്ളതും 2022-23 വർഷം ചെലവ് വന്നിട്ടുള്ളതുമായ മെറ്റീരിയൽ വർക്കുകളിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/22-23) ചുവടെ കൊടുത്ത പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | മെറ്റീരിയൽ വർക്കിന്റെ വർക്ക് കോഡ് | കരാറുകാരൻ | എം ബുക്ക് പ്രകാരം മെറ്റീരിയലിനായി ചെലവായ തുക | ഈടാക്കേണ്ട GST |
|---|---|---|---|---|
| 1 | RC/310975 (ഓഞ്ഞേന്റവിട അരിങ്ങാട്ടിൽ കോൺക്രീറ്റ് നിർമ്മാണം) | ഷാജിത്ത്.വി.പി | 302,331 | 6047 |
| 2 | RC/311245 (ചേലത്തോട് മമ്പറത്ത് റോഡ് | ഡൊമെനിക് | 307,238 | 6145 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം) | | | |
| 3 | RC/316970 (ഓഞ്ഞേന്റവിട ചെക്കോറ്റ കോൺക്രീറ്റ് റോഡ് നിർമ്മാണം) | ബാലൻ.എം.കെ | 303,315 | 6067 |
| 4 | RC/317092 (നമ്പീച്ച് കുന്നമ്മൽ ഉഴിഞ്ഞേരിക്കണ്ടി കോൺക്രീറ്റ് റോഡ് നിർമ്മാണം) | ബാലൻ.എം.കെ | 307,238 | 6145 |
| 5 | RC/314810 (അഴിയിട്ടകണ്ടം വരയാൽ മുക്ക് കോൺക്രീറ്റ് റോ ഡ് നിർമ്മാണം) | നാദാപുരം പ്രവാസി ലേബർ കോൺട്രാക്റ്റർ സൊസൈറ്റി | 384,746 | 7695 |
| 6 | RC/316975 (കുങ്കിയുള്ളതിൽ ഒലിപ്പിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം) | ഷൈജു.പി.പി | 383,627 | 7673 |
| 7 | RC/314967 (ജാഗയുള്ള പറമ്പത്ത് ഞണ്ണയിൽ കോൺ ക്രീറ്റ് റോഡ് നിർമ്മാണം) | ബാലൻ.എം.ടി | 318,108 | 6362 |
| | ആകെ | | | 46,134/- |

ജി.എസ്.ടി ഈടാക്കാതെ ബിൽ തുക നൽകിയത് ഗുരുതര കൃത്യ വിലോപമാണ്. പട്ടിക പ്രകാരം ജി.എസ്.ടി സോഴ്സിൽ നിന്നും കുറവ് ചെയ്യാത്ത മേൽ പ്രവൃത്തികളുടെ കരാറുകാർ ഈ വർക്കുകൾക്ക് ജി.എസ്.ടി റിട്ടേൺ അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനായി ഇവരുടെ ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്ത മാസത്തെ ഇൻവോയിസ് വൈസ് ഡീറ്റേൽസ് ഉള്ള ജി.എസ്.ടിആർ-1 റിട്ടേൺ ഫോമിന്റെ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ജി.എസ്.ടി സോഴ്സിൽ നിന്നും കുറവ് ചെയ്യാതെ ബിൽ തുക കരാറുകാർക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള മോണിറ്ററിംഗ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്.

1-17 ടേക്ക് എ.ബ്രേക്ക് പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം - 187/20-21

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക – 836,614/-

ചെലവഴിച്ച തുക - 673143/-

ബിൽ തീയതി - 1) 29-03-2021 (Bill Amount- 224003/-)

2) 28-10-2021 ( Bill Amount 449140)

എം ബുക്ക് നം - (51/21-22, 57/21-22, 172/19-20)

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതു ശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ ത.സ്വ.ഭ.വ.യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകുകയും ചെയ്തു.

മേൽ ഉത്തരവുകളുടെ ഭാഗമായി വളയം ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് നം 187/20-21 ആയും 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് നം 144/21-22 ആയും 836,614/- രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

14-09-2023 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ മേൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതായും സെപ്തംബർ 2021 ൽ ഉൽഘാടനം ചെയ്തതായും കണ്ടു. എന്നാൽ കെട്ടിടത്തിൽ ഇലക്ട്രിസിറ്റി കണക്ഷനോ വാട്ടർ കണക്ഷനോ ലഭ്യമായിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. കൂടാതെ ഇവിടെ സ്ഥാപിച്ച നാപ്കിൻ ഇൻസിനിറേറ്റർ (2800/-രൂപ) നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല എന്നും കണ്ടു. പഞ്ചായത്തിൽ മേൽ പദ്ധതി

നടപ്പിലാക്കിയിരിക്കുന്നത് വാർഡ് 6 ൽ ഉൾപ്പെട്ട വളയം കാലിക്കൊളമ്പ് റോഡിലെ കല്ലുനിറ ടൗണിൽ നിന്നും ഉള്ളിയേരിക്കുഴി എന്ന സ്ഥലത്തേക്കുള്ള മൂന്ന് മീറ്റർ വീതിയില്ലുള്ളതും ഉയർന്നതുമായ സ്ഥലത്തുള്ള വഴിയോട് ചേർന്നാണ്.

ടേക്ക് എ ബ്രേക്ക് സ്ഥാപിച്ച സ്ഥലം സർക്കാർ വിഭാവനം ചെയ്ത ആശയത്തോട് യോജിക്കാത്ത ജനബാഹുല്യമുള്ളതോ പഞ്ചായത്തിലെ പ്രധാന പാതയിലോ അല്ലാതെയുള്ള സ്ഥലത്താണ്. ഉത്ഘാടനം കഴിഞ്ഞ് രണ്ട് വർഷത്തോളമായിട്ടും ഇതിൽ ഇലക്ട്രിസിറ്റിയും വെള്ളവും ലഭ്യമാക്കാത്തത് കാരണം ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ പ്രയോജനം ഈ പ്രദേശത്തുള്ളവർക്കോ യാത്രക്കാർക്കോ ലഭ്യമായിട്ടില്ല. പദ്ധതി നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് ഇലക്ട്രിക്കൽ കണക്ഷൻ എടുത്ത് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് 26-10-2021 ന് കത്ത് നൽകിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും കാണുന്നു. എന്നാൽ നാളിതുവരെ ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്നതിനോ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനോ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 13/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർമ്മാണം പൂർത്തിയായ ടേക്ക് എ ബ്രേക്ക് കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനും പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിനുമായി അടിയന്തിരമായി ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കേണ്ടതും ജലലഭ്യത ഉറപ്പ് വരുത്തേണ്ടതും വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-18 ഹോമിയോ ഡിസ്പെൻസറിയിലേക്ക് യിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 12/22-23

നിർവഹണം - മെഡിക്കൽ ഓഫീസർ ( ഹോമിയോ)

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (നോൺറോഡ് )

അടങ്കൽ - 2,00,000

ചെലവ് - 2,00,000 ( ബിൽ നമ്പർ - 165/2022-23 , തീ - 09.12.2022 )

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 2,00,000 /-രൂപ മുൻകൂറായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി, പാതിരാപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിന് മരുന്നു വാങ്ങുന്നതിലേക്കായി 15.12.2022 ന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 78,237 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി 1,21,763 രൂപയുടെ ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ചെലവ് തുക 1,21,763 രൂപ തടസ്സത്തിൽ വെക്കുന്നു.

1-19 കെ.എസ്.ഇ.ബി.യുടെ അനുവാദമില്ലാതെ അടുത്ത കെട്ടിടത്തിലേയ്ക്ക് കണക്ഷൻ - പിഴ ഒടുക്കാൻ ആവശ്യപ്പെട്ടത് സംബന്ധിച്ച്

കെ.എസ്.ഇ.ബി. അധികൃതർ 26.11.2012 ൽ പഞ്ചായത്ത് ഓഫീസിൽ ഇൻസ്പെക്ഷൻ നടത്തുകയും, പഞ്ചായത്ത് ഓഫീസിന്റെ തൊട്ടടുത്തുള്ള കൃഷിഭവന്റെ കെട്ടിടത്തിലേക്ക് അനുവാദമില്ലാതെ കണക്ഷൻ, അഡീഷണൽ ലോഡ് എന്നിവ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, അവരുടെ 05.12.2012 ലെ കത്ത് പ്രകാരം 190966 രൂപ പിഴ അടയ്ക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു.

07.12.2012 ന് കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കും 29.10.2012 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും 11.11.2013 ന് ബഹു. മുഖ്യമന്ത്രിക്കും മാപ്പപേക്ഷിച്ചും പിഴ

ഒഴിവാക്കാനപേക്ഷിച്ചും കത്ത് നൽകിയിട്ടുണ്ടെങ്കിലും യാതൊരു അനുകൂല നടപടികളും ഉണ്ടായിട്ടില്ല.

14.11.2016 ലെ നാദാപുരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരം 30.11.2016 നകം, കെ.എസ്.ഇ.ബി. റഗുലേഷൻ ആക്ട് 138 സെക്ഷൻ 56 പ്രകാരം പിഴ 190966/- ഉം പലിശയിനത്തിൽ 131657/- രൂപയും ആകെ 322623 അടയ്ക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. അല്ലാത്തപക്ഷം, വൈദ്യുതി വിച്ഛേദിക്കുമെന്നും അറിയിച്ചു.

ഇതിനെതിരെ കോഴിക്കോട് നോർത്തേൺ റീജിയണൽ കൺസ്യൂമർ ഗ്രീവൻസസ് റിഡ്രസ്സൽ ഫോറത്തിൽ സെക്രട്ടറി, ഒ.പി. നം. 140/2016-17 ഫയൽ ചെയ്യുകയും 18.01.2017 ലെ വിധിപ്രകാരം പിഴയുടെ 50 ശതമാനം അടച്ചതിനുശേഷം അപ്പിൽ നൽകുവാൻ ആവശ്യപ്പെടുകയുമുണ്ടായി.

ഇതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി. സി നം. 1619/2017 പ്രകാരം പെറ്റീഷൻ നൽകുകയും, 07.01.2022 ലെ വിധിയിൽ ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 127 പ്രകാരം അപ്പീൽ നൽകുവാൻ ആവശ്യപ്പെട്ടു. എന്നാൽ വിധി പ്രകാരമുള്ള അപ്പീൽ പഞ്ചായത്ത് നൽകിയിട്ടില്ല. കേസ് ബഹു. ഹൈക്കോടതിയിൽ ഉള്ള കാലയളവിൽ കെ.എസ്.ഇ.ബി. 10.12.2018 ലെ കത്ത് പ്രകാരം കുടിശ്ശിക 45308+പലിശ 16311, ആകെ 61619/- രൂപ അടച്ച് ഒറ്റത്തവണ തീർപ്പാക്കലിന് വിളിച്ചിരുന്നുവെങ്കിലും ആയതിലും പങ്കെടുത്തില്ല.

കെ.എസ്.ഇ.ബിയുടെ 06.05.2022 ലെ കത്ത് പ്രകാരം വീണ്ടും ഒറ്റത്തവണ തീർപ്പാക്കലിന് ക്ഷണിച്ചിട്ടുണ്ട്. പിഴ 190966+319913 പലിശ. ആകെ 510879/-. ഇളവ് നൽകിയതിന് ശേഷം അടയ്ക്കുവാൻ ആവശ്യപ്പെട്ട തുക 297604/- 08.08.2023 ലെ കെ.എസ്.ഇ.ബിയുടെ കത്ത് പ്രകാരം, 01.03.2023 വരെ ഇപ്പോൾ പിഴ 190966 രൂപയും പലിശയിനത്തിൽ 362480/- രൂപയും ആകെ 553446/- രൂപയാണ്. 31.12.2023 ന് മുമ്പായി ഒറ്റത്തവണ തീർപ്പാക്കലിന് പങ്കെടുത്താൽ 263804/- രൂപ പലിശയിനത്തിൽ ലാഭിക്കാവുന്നതാണെന്നറിയിച്ചിട്ടുണ്ട്. അനധികൃതമായി കൃഷിഭവനിലേക്ക് കണക്ഷൻ എടുക്കാനുണ്ടായ സാഹചര്യം, ആരുടെ പിഴവ് മൂലമാണ് ഇത് സംഭവിച്ചതെന്ന് വ്യക്തമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വളയം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ്, കോർപ്പറേഷൻ ലിമിറ്റഡിന് 22-23 വർഷം തുക കൈമാറിയെങ്കിലും നാളിതുവരെയായി ആയവ ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതി | അടങ്കൽ | ചെലവ് | ആവശ്യമായ ഉപകരണം/ മരുന്ന് | തുക | ബിൽ നം/ തിയ്യതി |
|---|---|---|---|---|---|---|---|
| 1 | 190/23 | ലാബ് സൗകര്യം മെച്ചപ്പെടുത്തൽ | 197245 | 40908 | CENTRIFUGE (8x15 Ml) | 40908 | 320/ 23.3.23 |
| 2 | 16/23 | പെയിൻ ആന്റ് | 650000 | 611888 | ERYTHROPOIETIN (Epofer 4000) | 30990 | 282/ 16.3.23 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പാലിയേറ്റീവ് | | | | | |
| ആകെ | | | | | | 71898 | |

ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും എത്രയും വേഗം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 71,898 രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 11.09.2023,12.09.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,17,000 | ലൈഫ് ഭവന പദ്ധതി എസ്സ് സി | 1,17,000 | 0 |
| | 2022-23 | 8,00,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 8,00,000 | 0 |
| | 2022-23 | 2,40,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,40,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 1,00,000 | ക്ഷീരകർഷകർക്കുള്ള പാലിന് സബ്സിഡി | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,51,346 | ലൈഫ് ഭവന പദ്ധതി ജനറൽ | 2,51,346 | 0 |
| | 2022-23 | 3,40,000 | ലൈഫ് ഭവന പദ്ധതി എസ്സ് സി | 3,40,000 | 0 |
| | 2022-23 | 3,40,000 | ലൈഫ് ഭവന പദ്ധതി എസ്. ടി | 3,40,000 | 0 |
| | 2022-23 | 80,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 80,000 | 0 |
| | 2022-23 | 49452 | വയോജന പാർക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 49452 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.68/2018, തീയ്യതി-18.05.2018 | -- | 15699190 | 2121976 | | 13577214 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| ആകെ | 25000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | നാദാപുരം സഹകരണ ഹോസ്പിറ്റൽ | 25000 |
| ആകെ | | 25000 |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 17 | 2003-04 | 11.13.1.1.107 | നോട്ടുബുക്ക് നിർമ്മാണ പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിച്ചില്ല |
| 1999-00 | 9 | 2003-04 | 11.13.5.112 | മൈത്രി ഭവന പദ്ധതി പുരോഗതി റിപ്പോർട്ട് |
| 1999-00 | | 2003-04 | 11.14.117 | തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി. നിക്ഷേപം പ്രവൃത്തി പൂർത്തീകരിക്കാത്തത് |
| 2001-02 | 12 | 2004-05 | 2.1 | തുടർ പ്രവർത്തനമില്ല |

| | | | | |
|---|---|---|---|---|
| | | | | |
| വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ | | 2011-12 | 3.1.12.65 | തുക വകയിരുത്തിയിട്ടും പ്രവൃത്തി നടന്നില്ല. |
| | | 2011-12 | 3.1.12.67 | സമഗ്ര ഇ-കൃഷി ലക്ഷ്യം നേടിയില്ല. |
| | | 2013-14 (അവലോകനം) | 6.3.1.187 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി |
| | | 2013-14 (അവലോകനം) | 6.3.1.187 | പ്രോക്യൂർമെന്റ് സൈക്കിൾ |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4/88 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5/212 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 2,76,64,168 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 2,50,19,191 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,17,425 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 23,764 | ശ്രീ. ജോളി.കെ.വി, അസി.എഞ്ചിനിയർ |
| 1-18 | 1,21,763 | ഡോ. നർദ്ദ.ബി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-20 | 71,898 | ഡോ. റോഷിൻ രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| ആകെ | 2,17,425 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോളി.കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വളയം ഗ്രാമപഞ്ചായത്ത് | കുഴിപറമ്പത്ത്, ഗോൾഫ് ലിങ്ക് റോഡ്, ചേവായൂർ, കോഴിക്കോട് |
| ഡോ. റോഷിൻ രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), എടച്ചേരി | കോവക്കൽ, അണിവാരം, പി.ഒ ചൊക്ലി |

| | | |
|---|---|---|
| ഡോ. നർദ്ദ.ബി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), ചേളന്നൂർ | ആഷിയാന, പള്ളിപ്പൊയിൽ റോഡ്, ചേളന്നൂർ(പി.ഒ), കോഴിക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി4/1888/ 2021(1)തി. 24.02.2022 | 2 | 2-9,3-17 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി4/1223/ 2022(2)തി-21.10.2022 | 2 | 2-1(CAR) 3-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി4/1223/2022(3)തി-21.10.2022 | 2 | 2-2(CAR) 3-14 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി11/2496/2018തി-30.04.2019 | 3 | 2-6, 3-3, 3-4 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1794/2021(1), തി-20.09.2022 | 22 | 1-1-1,1-1-1(ബി), 1-1-2,1-1-4, 1-2-1(2,3), 1-4-1,1-5,1-9, 1-10,1-11,1-13, 1-14,2-1,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി4/ 1795/2021 തി-20.09.2022 | 23 | 1-1-1 മുതൽ 1-1-3 വരെ, 1-2-1(1,2), 1-2-1(5 മുതൽ 12 വരെ) 1-4-1,1-5,1-6, 17, 1-8,1-11, 1-12,1-15, 1-16, 1-19 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി.പി4/ 749/2023 തി-19.05.2023 | 21 | 1-1,1-2,1-8,1-9, 1-10,1-11,1-12, |

| | | | |
|---|---|---|---|
| | | | 1-13,1-14,1-15,<br>1-16,1-17,1-19,<br>1-20,1-21,1-22,<br>1-23,1-24,1-25,<br>1-26,1-27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 120/2023 dated 26-06-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Valayam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Valayam Grama Panchayat for the year 2022-2023

Date: 20/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Valayam Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

a) Basic ratios to accounts are not included in the Annual Finance Statement.

b) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c) Directly debited by bank-further action not taken.

d) Withdrawal without entry in bankbook.

e) Lapses in making timely and accurate demand entries in Property Tax.

f) Mismatch in the amounts shown in AFS and Register Abstracts.

g) Mismatch in Deposit Balance sheet B7 schedule figures.

h) Asset Register not updated.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്